# മോർ ഗീവറുഗീസ് സഹദാ

## St. George the Martyr (303 AD)

വിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട ദൈവാലയങ്ങൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും അധികം ദൈവാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് വി. ഗീവറുഗീസ് സഹദായുടെ നാമത്തിലാണെന്ന് കരുതപ്പെടുന്നു. മറ്റേതൊരു വിശുദ്ധന്റെ നാമത്തെക്കാളും സുറിയാനിക്കാർക്ക് പരിചിതവും പ്രസിദ്ധവുമാണ് മോർ ഗീവറുഗീസ് സഹദായുടെ ജീവിതവും, നാമവും.

പുരാതന പാലസ്തീനായിലെ ഡയസ്പോലീസ് (Diospolice) പട്ടണത്തിൽ (പിന്നീട് ലിബിയ) നിന്നുമുള്ള വിശുദ്ധനാണ് അദ്ദേഹം. പട്ടാള ഉദ്ദ്യോഗസ്ഥനായ പിതാവിന്റെ മകനായാണ് ഗീവറുഗീസ് ജന്മമെടുത്തത്. വളരെ സമർത്ഥനും, ധീരനും, ബുദ്ധി ശാലിയുമായ അദ്ദേഹം കാഴ്ചയിൽ അതീവ സുന്ദരനുമായിരുന്നു. ചെറുപ്പത്തിലെ പട്ടാളത്തിൽ ചേർന്ന് അദ്ദേഹം തന്റെ ഹൃദയം യേശു ക്രിസ്തുവിന് സമർപ്പിച്ചിരുന്നു.

ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ ഭരണ കാലത്ത് ക്രൈസ്തവർക്ക് വിരോധമായ പീഢനപർവ്വം ആരംഭിച്ചു. ധനികനും, ഉർജ്ജസ്വലനുമായ ഗീവറുഗീസ് തന്റെ സാമർത്യത്താൽ അനേകരെ പീഢനങ്ങളിൽ നിന്നും രക്ഷിച്ചു. തന്റെ സർവ്വ സമ്പാദ്യവും വിറ്റ് അനാഥരേയും നിരാലംബരേയും സംരക്ഷിച്ചു. അവസാനം ഈ വാർത്തകൾ ചക്രവർത്തി യുടെ മുൻപാകെ എത്തി.

ധീരനായ ഗീവറുഗീസിനെ കൊന്നു കളയുവാൻ ചക്രവർത്തി ആഗ്രഹിച്ചു. അയാൾ അദ്ദേഹത്തെ രാജസിംഹാസനത്തിനു മുൻപിൽ കൊുവന്ന് നിർത്തി. ക്രിസ്ത്യാനികളെ ദണ്ഡിപ്പിച്ച്. കൊല്ലുവാനുള്ള സർവ്വ ഉപകര ണങ്ങളും അദ്ദേഹത്തിന്റെ മുൻപിൽ നിരത്തിയ ശേഷം സത്യ വിശ്വാസം ഉപേക്ഷിക്കുവാൻ ആവശ്യപ്പെട്ടു. ധീരനായ ക്രിസ്തു ദാസൻ പുഞ്ചിരിച്ചുകൊ് ആ ആവശ്യം തള്ളിക്കളഞ്ഞു. ഇത് ചക്രവർത്തിയെ ചൊടിപ്പിച്ചു. രക്തം വാർന്ന് വീഴും വരെ ചമ്മട്ടികൊ് അടിക്കുവാൻ ആജ്ഞ പുറപ്പെട്ടു. തന്റെ ശരീരത്തിൽ നിന്നും മാംസവും രക്തവും ചിതറി. രക്തം വാർന്ന് വീഴുമ്പോഴും കർത്താവിലുള്ള വിശ്വാസം അദ്ദേഹം മുറുകെ പിടിച്ചു. അന്ന് രാത്രി ദൈവത്തിന്റെ മാലാഖ ഗീവറുഗീസിനെ ശുശ്രൂഷിച്ചു.

മനുഷ്യ ശരീരത്തെ പല തുുകളാക്കി മുറിക്കുന്ന ഒരു യന്ത്രത്തിലേക്കാണ് ഗീവറുഗീസിനെ പിറ്റേന്ന് ആനയിക്കപ്പെട്ടത്. മരണത്തിന്റെ ഭീകരതയെ നിസാരമായി ഗണിച്ച വിശുദ്ധൻ സന്തോഷപൂർവ്വം ആ യന്ത്രത്തിൽ ചെന്നിരുന്നു. മനുഷ്യവേധയന്ത്രം അദ്ദേഹത്തെ പത്ത് കഷ്ണങ്ങളാക്കി അറുത്തു മാറ്റി നിന്റെ ദൈവം ശക്തനാണെങ്കിൽ നിന്നെ രക്ഷിക്കട്ടേയെന്ന് പരിഹസിച്ച് രാജാവ് ആ ശരീരം കല്ലറയിലിട്ടു.

ആ രാത്രിയിൽ കർത്താവ് തന്റെ മാലാഖ വൃന്ദത്തോടൊപ്പം കല്ലറയിലേക്ക് ഇറങ്ങി ഗീവർഗീസിനെ രാമതും മെനഞ്ഞു. രാവിലെ ചക്രവർത്തിയെ മുഖം കാണിക്കാൻ ആദ്യമെത്തിയത് തലേനാൾ കൊല്ലപ്പെട്ട ഗീവറുഗീസായിരുന്നു. തന്റെ ബോധം നഷ്ടപ്പെടുന്നതുപോലെ ചക്രവർത്തിക്ക് തോന്നി. ജീവനുള്ള തന്റെ ദൈവത്തെ ഗീവറുഗീസ് സാക്ഷിച്ചപ്പോൾ രാജ്ഞി അലക്സാന്ദ്രിയായും, സൈന്യാധിപൻ അന്തോണിയൂസും, വലിയൊരു സൈന്യവും സത്യത്തെ തിരിച്ചറിഞ്ഞു. ലോകത്തിന്റെ ചക്രവർത്തി വീണു. പീഢനങ്ങങൾക്കും, അക്രമങ്ങൾക്കും ഗീവറുഗീസിന് തളർത്താനാവില്ലെന്ന് ക ചക്രവർത്തി, തന്റെ കാലശേഷം ചക്രവർത്തി പദം ഗീവറുഗീസിന് വാഗ്ദാനം ചെയ്തു. റോമിന്റെ ചക്രവർത്തിയാകുന്നതിലും ക്രിസ്തുവിന്റെ ദാസനാകുന്നതിൽ അദ്ദേഹം സന്തോഷം കത്തെി. അതോടൊപ്പം രാജാവിന്റെ വിഗ്രഹങ്ങളേയും വിശുദ്ധൻ നശിപ്പിച്ചു.

വിശ്വാസികളായ അലക്സാന്ദിയ ചക്രവർ ത്തിനിയും, അന്തോണിയൂസും, 15000 പട്ടാളക്കാരും രക്തസാക്ഷികളായി. അവസാനം ചക്രവർത്തി ഗീവറുഗീസിനു മുൻപിൽ തോൽവി സമ്മതിച്ചു. എങ്കിലും വിശ്വാസം സ്വീകരിക്കാൻ ചക്രവർത്തി തയ്യാറായില്ല. വീും ഗീവറുഗീസിനെ കൊല്ലുവാൻ ചക്രവർത്തി കൽപനയായി. ഇരുമ്പാണി തറച്ച ചെരുപ്പുകളിടുവിച്ച് വിശുദ്ധനെ കൊലക്കളത്തിലേക്ക് നയിച്ചു.

നിക്കോമിദ്യായിലെ കൊലക്കളത്തിൽ പ്രാർത്ഥനാ നിരതനായ ഗീവറുഗീസ് തന്റെ ആത്മാവിനെ പുത്രൻ തമ്പുരാന്റെ കൈകളിൽ ഭരമേൽപ്പിച്ചു. 303 എ.ഡി. മേട മാസം 23ന് വിശുദ്ധന്റെ ശിരച്ഛേദനം നടത്തപ്പെട്ടു. അദ്ദേഹം തന്റെ സാക്ഷ്യകിരീടം ചൂടി. സത്യ വിശ്വാസികൾ അദ്ദേഹത്തിന്റെ ഭൗതിക ദേഹം ആഘോഷപൂർവ്വം സംസ്കരിച്ചു.

മലങ്കര യാക്കോബായ സുറിയാനി സഭയിൽ ധാരാളം ദൈവാലായങ്ങൾ ഈ വിശുദ്ധന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടു്. പെരുമ്പിള്ളി സെന്റ്. ജോർജ്ജ് പള്ളിയിൽ ഈ വിശുദ്ധന്റെ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെട്ടിട്ടു്. വി. ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥത മലങ്കര സഭയ്ക്ക് എന്നും ആശ്രയവും അഭയവുമാകട്ടേ.

***Compiled by: Dn. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***